അനുകൂലമാണെന്ന് കേന്ദ്രവ്യവസായ വകുപ്പുമന്ത്രിയായ ശ്രീ. വെങ്കിട്ടരാമനെ അറിയിച്ചു. അതിപ്പോൾ ഇവിടെ നടപ്പിലാക്കുന്നുവെന്നേയുള്ളു. തെറ്റാണെന്നു കണ്ടാൽ അപ്പോൾ അതിനെക്കുറിച്ച് ചർച്ചചെയ്യാം.

ശ്രീ. സി. കെ. തങ്കപ്പൻ : ഞാൻ ഒരു കയർ സഹകരണ സംഘത്തിലെ ഭരണസമിതി അംഗംകൂടിയാണ്. ഇപ്പോൾ നിലവിലിരിക്കുന്ന സംഭരണ സമ്പ്രദായം സംഘങ്ങൾക്ക് തൊണ്ട് ലഭിക്കുന്നതിന് പര്യാപ്തമല്ല. അങ്ങയുടെ ലെവി സമ്പ്രദായം നാളികേരകർഷകൻ, പച്ചത്തൊണ്ട് മുതലാളി, പച്ചതൊണ്ട് അഴുക്കിവിൽക്കുന്ന ആൾ, ഇതിൽ ഏത് വിഭാഗത്തിൽപ്പെട്ടവർക്കുവേണ്ടിയാണ് നടപ്പിലാക്കുന്നതെന്ന് പറയാമോ ?

ശ്രീ. ഇ. അഹമ്മദ് : ഇത് തുടർച്ചയായ ഗവൺമെൻറുകളുടെ നയത്തിൻറെ ഫലമായിട്ടുള്ള ലെവി സമ്പ്രദായമാണ്. എൻറെ വ്യക്തിപരമായ ലെവി സമ്പ്രദായമല്ല. ലെവി സമ്പ്രദായപ്രകാരം അഴുക്കൽ കേന്ദ്രങ്ങളിൽ നിന്ന് അഴുക്കൽത്തൊണ്ടോ, പച്ചത്തൊണ്ടോ ലെവി സമ്പ്രദായത്തിൽ വാങ്ങാവുന്നതാണ്. ഈ സമ്പ്രദായം ആരംഭിച്ചത് 1-9-1986-ലാണ്. ഇതിൻറെ ഒന്നാമത്തെ ക്വാർട്ടർ അവസാനിക്കുന്നത് ഈ നവംബർമാസം മുപ്പതാം തീയതിയാണ്. ഈ മൂന്നുമാസത്തിനകമാണ് ലെവി കിട്ടേണ്ടത്. അതുകൊണ്ട് എല്ലാ സെൻറേഴ്സും രജിസ്റ്റർ ചെയ്യപ്പെടണം. രജിസ്റ്റർ ചെയ്ത ആളുകളിൽനിന്ന് അത് വാങ്ങണം. അതിനുള്ള വിശദമായ ഒരു നോട്ടിഫിക്കേഷനാണ് ഗവൺമെൻറ് പുറപ്പെടുവിച്ചിട്ടുള്ളത്.

ശ്രീ. എ. വി. താമരാക്ഷൻ : ഇപ്പോൾ സംസ്ഥാന ഗവൺമെൻറ് നടപ്പിലാക്കിയിരിക്കുന്ന ലെവി സമ്പ്രദായം ഫലപ്രദമായി തൊണ്ടു സംഭരിക്കുന്ന കാര്യത്തിൽ പരാജയപ്പെട്ടിരിക്കുന്നുവെന്നാണ് ഈ രംഗത്ത് പ്രവർത്തിക്കുന്ന തൊഴിലാളി യൂണിയനുകളും മറ്റും മുൻകൂട്ടിത്തന്നെ ഗവൺമെൻറിനെ അറിയിച്ചിട്ടുള്ളത്. ഇപ്പോഴത്തെ സംസ്ഥാന കയർ മാർക്കറ്റിംഗ് ഫെഡറേഷൻറെ പ്രസിഡണ്ടുകൂടിയായ സംസ്ഥാന ധനകാര്യവകുപ്പുമന്ത്രി തന്നെ ഇത് പരാജയമാണെന്ന് പരസ്യമായി അദ്ദേഹത്തിൻറെ അനുഭവത്തിൽക്കൂടി പറഞ്ഞിരിക്കുന്നു. അതുകൊണ്ട് ഈ സമ്പ്രദായം അവസാനിപ്പിച്ച് കുത്തകസംഭരണം ഏർപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ ?

ശ്രീ. ഇ. അഹമ്മദ് : ഇത് ഞാൻ നേരത്തെ പറഞ്ഞതാണ്. ഈ സമ്പ്രദായം നടപ്പിലാക്കിക്കഴിയുന്നതിനുമുമ്പുതന്നെ ഇത് പരാജയമാണെന്ന് പറഞ്ഞതും ആ സമ്പ്രദായത്തോട് മുൻകൂട്ടിയുള്ള ഒരു വീക്ഷണം ഉള്ളതുകൊണ്ടായിരിക്കുമെന്നാണ് തോന്നുന്നത്. അതുകൊണ്ട് അതിനെക്കുറിച്ച് ഒന്നുകൂടി പരിശോധിച്ചുനോക്കാം. മുമ്പുണ്ടായിരുന്ന സമ്പ്രദായംകൊണ്ട് പ്രയോജനമില്ലെന്ന് പ്രതിപക്ഷത്തുള്ള പല മെമ്പർമാരും ചൂണ്ടിക്കാണിച്ചിരുന്നു. ഇതൊരു ഗവൺമെൻറ് നയമാണ്, ഇതൊന്ന് നമുക്ക് പരീക്ഷിച്ചുനോക്കാം. ഈ നയം നടപ്പിലാക്കി അതിൻറെ പ്രതിഫലനം അറിയുന്നതിനു മുമ്പ് അന്തിമമായ ഒരു അഭിപ്രായം പറയുന്നത് ഒട്ടും ശരിയല്ലെന്നാണ് എൻറെ അഭിപ്രായം.

സിന്തറിക് ട്രാക്ക്

* 155. [158] ഡോക്ടർ എ. സുബ്ബറാവു :
ശ്രീ. കെ. ടി. കുമാരൻ :
,, വി. കെ. രാജൻ :

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. പി. പ്രഭാകരൻ :

,, കെ. ആർ. ചന്ദ്രമോഹനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ ഏതെല്ലാം സ്റ്റേഡിയങ്ങളിലാണ് അത്യാധുനിക മായ സിന്തറിക് ട്രാക്ക് ഉണ്ടാക്കുന്നതിനു തീരുമാനിച്ചിട്ടുള്ളത് ;

(ബി) ഇത്തരം ട്രാക്ക് നിർമ്മിക്കുന്നതിന് ഏകദേശം എന്ത് തുക ചെലവാകും ?

വനം വകുപ്പുമന്ത്രി (ശ്രീ. കെ. പി. നൂറുദ്ദീൻ) :

(എ) കേരളത്തിൽ തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നീ നഗരങ്ങളിലാണ് സിന്തറിക് ട്രാക്ക് ഉണ്ടാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നിലവിലുള്ളത്.

(ബി) സിന്തറിക് ട്രാക്ക് നിർമ്മിക്കുന്നതിന് ഓരോന്നിനും ഒരുകോടി രൂപ വീതമാണ് ചെലവ് പ്രതീക്ഷിക്കുന്നത്.

ഡോക്ടർ എ. സുബ്ബറാവു : ഈ വർഷത്തെ ബഡ്ജറ്റിൽ ഇത്തരത്തിലുള്ള സിന്തറിക് ട്രാക്ക് നിർമ്മിക്കുന്നതിന് തുക നീക്കിവച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ എത്രയെന്ന് പറയാമോ ; ഏതു ജില്ലയിലാണ് ആദ്യം തുടങ്ങുന്നത് ?

ശ്രീ. കെ. പി. നൂറുദ്ദീൻ : ഈ വർഷത്തെ ബഡ്ജറ്റിൽ തുക ഇതിനുവേണ്ടി നീക്കിവച്ചിട്ടില്ല. സിന്തറിക് ട്രാക്ക് സ്ഥാപിക്കുന്നതിന് കേന്ദ്രഗവൺമെന്റിന്റെ സഹായം ഇതിനോടകം തരാമെന്ന് അറിയിച്ചിട്ടുണ്ട്. ബഡ്ജറ്റിൽ തുകകൊള്ളിച്ചിട്ടില്ലെങ്കിലും അതിന്റെ പ്രവർത്തനത്തിന് അത് തടസ്സമായി നിൽക്കുന്നില്ല.

Dr. A. Subba Rao : In view of the fact that the international meets are held in synthetic tracks and in view of the fact that the Kerala athlets like Kum. P.T. Usha, Kum. Shyni Abraham and Kum. M.D. Valsamma are responsible to raise the prestige of India in recent Olympics and Asiad and in view of the fact that the Kerala athlets can score if given proper training in these synthetic tracks, will the Government take immediate steps to provide synthetic tracks in all the stadiums ?

ശ്രീ. കെ. പി. നൂറുദ്ദീൻ : കുറെക്കൂടി ഉയർന്നതോതിലുള്ള പരിശീലനം കിട്ടുന്നതിനുള്ള സംവിധാനത്തെക്കുറിച്ച് ആലോചിച്ചു കൊണ്ടിരിക്കുകയാണ്. തീർച്ചയായിട്ടും അടിയന്തിരമായി അതിന്റെ പ്രവർത്തനം തുടങ്ങുന്നതാണ്.

ശ്രീ. കെ. ടി. കുമാരൻ : അത്യാധുനിക സിന്തറിക് ട്രാക്ക് നിർമ്മിക്കുന്നതിന് കോടിക്കണക്കിന് രൂപയുടെ ചെലവുവേണ്ടിവരുമെന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. ഇത് സ്ഥാപിക്കുന്നതിനുവേണ്ടി രണ്ടുമൂന്നു സ്ഥലവും നിശ്ചയിച്ചിട്ടുണ്ടെന്നു പറഞ്ഞു. സ്പോർട്സ് സ്കൂളുകളും നിലവിലുള്ള ജില്ലകളിലെങ്കിലും സിന്തറിക് ട്രാക്കുകളും നിർമ്മിക്കുവാനുള്ള നടപടി സ്വീകരിക്കുമോ ? ബഹുമാനപ്പെട്ട മന്ത്രിയുടെ സ്വന്തം ജില്ലയായ കണ്ണൂരിലും ഒരു സ്പോർട്സ് സ്കൂളുണ്ട്. അവിടെയും ഒരു സിന്തറിക് ട്രാക്ക് നിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

ശ്രീ. കെ. പി. നൂറുദ്ദീൻ : സ്പോർട്സ് സ്കൂളുകളുള്ള എല്ലാ ജില്ലകളിലും സിന്തറിക് ട്രാക്ക് സ്ഥാപിക്കുവാൻ വലിയ ബുദ്ധിമുട്ടാണ്. അതുകൊണ്ട് കേരളത്തിൽ മൂന്നു സ്ഥലങ്ങളിലായിട്ട് സ്ഥാപിക്കാനാണ് നിശ്ചയിച്ചിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി. കെ. രാജൻ : വേണ്ടത്ര സൗകര്യങ്ങളില്ലാതെതന്നെ ഇൻഡ്യയ്ക്ക് അഭിമാനകരമായ നേട്ടങ്ങൾ കൈവരിച്ച കായികതാരങ്ങൾ കേരളത്തിലുണ്ട്. അതുകൊണ്ടും പ്രാധാന്യം പരിഗണിച്ചുകൊണ്ട്, ബഡ്ജറ്റിൽ തുകയില്ലെങ്കിലും കേന്ദ്രഗവൺമെന്റിന്റെ സഹായത്തോടുകൂടി സിന്തറ്റിക് ട്രാക്കുകൾ എന്നെയ്ക്ക് ഏർപ്പെടുത്താൻ സാധിക്കുമെന്ന് പറയുമോ ?

ശ്രീ. കെ. പി. നൂറുദ്ദീൻ : തിരുവനന്തപുരത്ത് സിന്തറ്റിക് ട്രാക്ക് സ്ഥാപിക്കുന്നതിനുവേണ്ടി എത്രയും വേഗം അതിന്റെ പ്രവർത്തനം തുടങ്ങാൻ പാകത്തിൽ യൂണിവേഴ്സിറ്റി സ്റ്റേഡിയമാണ് ഉദ്ദേശിച്ചിട്ടുള്ളത്. ഇപ്പോൾ അതേറെടുക്കുന്നതിന്റെ ആദ്യഘട്ടമാണ്. അവർകൂടി സമ്മതിച്ചുകഴിഞ്ഞാൽ വളരെ വേഗം തുടങ്ങാൻ കഴിയും.

ശ്രീ. വി. കെ. രാജൻ : പി. ടി. ഉഷയെ ദത്തെടുക്കണമെന്ന് ആവശ്യപ്പെട്ട് കേന്ദ്രഗവൺമെന്റിനെ എഴുതിയതായി പത്രങ്ങളിൽ ഒരു വാർത്ത വന്നിരുന്നു. അതിനുശേഷം ബഹുമാനപ്പെട്ട മന്ത്രിയോ ഗവൺമെന്റോ കേന്ദ്രഗവൺമെന്റുമായി ബന്ധപ്പെട്ട് ഉഷയെ ദത്തെടുക്കുവാനുള്ള നടപടി പൂർത്തീകരിക്കുവാൻ വല്ല നടപടിയും സ്വീകരിച്ചിട്ടുണ്ടോ ?

ശ്രീ. കെ. പി. നൂറുദ്ദീൻ : ഈ ചോദ്യം സിന്തറ്റിക് ട്രാക്കിനെക്കുറിച്ചാണ്. ദത്തെടുക്കുന്ന കാര്യം ഇൻഡ്യാഗവൺമെന്റിനോട് അപേക്ഷിക്കുവാനാണ് ക്യാബിനറ്റ് തീരുമാനിച്ചിട്ടുള്ളത്.

ശ്രീ. കെ. പി. പ്രഭാകരൻ : ബഡ്ജറ്റിൽ തുകയില്ലെങ്കിലും കേന്ദ്രഗവൺമെന്റിന്റെ സഹായത്തോടുകൂടിയാണ് സിന്തറ്റിക് ട്രാക്ക് ആരംഭിക്കുവാൻ പോകുന്നുവെന്നാണ് പറഞ്ഞത്. ഇൻഡ്യയുടെ അഭിമാനം രക്ഷിക്കുന്നതിന് കേരളത്തിലെ കായികതാരങ്ങൾ പ്രദർശിപ്പിച്ച കഴിവുകൊണ്ടാണ് കേന്ദ്രഗവൺമെന്റ് ഇങ്ങനെ പ്രത്യേകമായി ഒരു സഹായം ചെയ്യാൻ തയ്യാറായതെന്ന് എല്ലാവർക്കുമറിയാം. ഇൻഡ്യയ്ക്ക് സ്വർണ്ണം നേടിക്കൊടുത്ത ആ നാലു കായികതാരങ്ങൾക്കും കേരള ഗവൺമെന്റ് കൊടുത്ത പാരിതോഷികങ്ങളെ സംബന്ധിച്ച് വളരെയേറെ ആക്ഷേപങ്ങൾ പത്രങ്ങളിൽ വന്നിട്ടുണ്ട്. ആ പാരിതോഷികങ്ങൾ നിശ്ചയിച്ചതിന്റെ മാനദണ്ഡമെന്തായിരുന്നുവെന്നു പറയുമോ ?

ശ്രീ. കെ. പി. നൂറുദ്ദീൻ : ഇവിടത്തെ ചോദ്യം സിന്തറ്റിക് ട്രാക്കിനെക്കുറിച്ചാണ്. ഇൻഡ്യാഗവൺമെന്റ് സഹായം നൽകാമെന്ന് പറഞ്ഞത് ഇത്തവണത്തെ മൽസരം കഴിഞ്ഞതിനുശേഷമല്ല. തിരുവനന്തപുരത്ത് ഒരു സിന്തറ്റിക് ട്രാക്ക് സ്ഥാപിക്കുന്നതിന് കഴിഞ്ഞകൊല്ലംതന്നെ സംസ്ഥാന ഗവൺമെന്റ് പ്രോജക്ട് റിപ്പോർട്ട് സമർപ്പിച്ചാൽ കേന്ദ്രഗവൺമെന്റ് സഹായം നൽകാമെന്ന് പറഞ്ഞിരുന്നു. അതനുസരിച്ചുള്ള നടപടികളാണ് നടന്നിവരുന്നത്. മറിച്ചുള്ള പ്രചാരണങ്ങൾ പ്രഖ്യാപിച്ചതിനെപ്പറ്റിയാണെങ്കിൽ വേറെ ചോദ്യം ചോദിക്കണം.

ശ്രീ. കെ. പി. പ്രഭാകരൻ : കേരളത്തിന്റെ സ്പോർട്സ് വികസനത്തിൽ ഇൻഡ്യാഗവൺമെന്റിന് കൂടുതൽ താൽപര്യമുള്ള ഈ സാഹചര്യം പ്രയോജനപ്പെടുത്തി മൂന്നു സ്ഥലങ്ങളിൽ എന്നുള്ളതിനു പകരം കൂടുതൽ കേന്ദ്രങ്ങളിൽ, പ്രത്യേകിച്ച് തൃശ്ശൂരിൽ സിന്തറ്റിക് ട്രാക്ക് ഉള്ള സ്റ്റേഡിയം സ്ഥാപിക്കുന്നതിന് സഹായം ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ ? സ്പോർട്സ് കൗൺസിലും ഇതുപോലൊരു നിർദ്ദേശം വച്ചിരുന്നു.

ശ്രീ. കെ. പി. നൂറുദ്ദീൻ : ഈ അനുകൂലമായ സാഹചര്യം ഉപയോഗപ്പെടുത്തുവാൻവേണ്ടിയാണ് എറണാകുളത്തും കോഴിക്കോട്ടും കൂടി സിന്ത

LIBRARY ARCHIVES Kerala Legislative Assembly

റിക് ട്രാക്ക് ആരംഭിക്കുവാൻ സഹായം ആവശ്യപ്പെട്ടത്. ആദ്യം ഇൻഡ്യാ ഗവൺമെൻറിൻെറ സഹായത്തോടുകൂടി സിന്തറിക് ട്രാക്ക് നിർമ്മിക്കുവാൻ ഉദ്ദേശിച്ചിട്ടുള്ളത് തിരുവനന്തപുരത്താണ്. തൃശ്ശൂരിൽ ഒരു സ്വിമ്മിംഗ് പൂളിൻെറ നടപടികളും നടന്നുവരുന്നുണ്ട്. അതിനും ഈ പുതിയ സഹായ പദ്ധതിയിൽ വകകൊള്ളിച്ചിട്ടുണ്ട്.

ശ്രീ. കെ. ആർ. ചന്ദ്രമോഹനൻ : നമ്മുടെ നാട്ടിൽ ആവശ്യമായ പരിശീലനം ലഭിക്കുന്നില്ലെന്ന് ഉന്നതരായ കായികതാരങ്ങൾതന്നെ അവരുടെ അനുഭവത്തിൽ നിന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ സിന്തറിക് ട്രാക്ക് നിർമ്മിക്കുന്നതിനു പുറമേ കൂടുതലായിട്ട് പരിശീലനം നൽകുന്നതിന്, എന്തെല്ലാം ഏർപ്പാടുകളാണ് ഗവൺമെൻറ് ചെയ്യുന്നതെന്ന് വ്യക്തമാക്കുമോ ?

ശ്രീ. കെ. പി. നൂറുദ്ദീൻ : രണ്ടുപേർക്ക് പരിശീലനം നൽകുന്നതിന് സ്ഥിരമായിട്ട് കോച്ചുകളുണ്ട്. അവർ ആവശ്യപ്പെട്ടതനുസരിച്ച് ആണ് കോച്ചുകളുടെ സേവനം പ്രയോജനപ്പെടുത്തുന്നത്. മറ്റ് സ്ഥലങ്ങളിലെ ട്രാക്കുകളിൽപോയി പ്രകടനം നടത്തുമ്പോഴാണ് അവർക്ക് ബുദ്ധിമുട്ടുണ്ടാകുന്നത്. ഏത് വിധത്തിലുള്ള മൽസരങ്ങൾക്കും അവർ ആവശ്യപ്പെടുന്ന തരത്തിലുള്ള ഏറ്റവും ഉന്നതമായ തോതിൽ ഉള്ള എല്ലാ പരിശീലന സൗകര്യങ്ങളും നൽകാൻ ഗവൺമെൻറ് തയ്യാറാണ്. ആറു മാസം മുമ്പ് ഇതിൻെറ അസോസിയേഷനെ വിളിച്ച് 'നിങ്ങൾക്ക് എന്തെല്ലാം സഹായങ്ങൾ വേണം' എന്നു ചോദിച്ചു. അതനുസരിച്ച് ഉള്ള സൗകര്യങ്ങൾ ചെയ്തുകൊടുക്കുവാൻ അസോസിയേഷനാണ് അന്ന് നിർദ്ദേശം കൊടുത്തിരുന്നു. ഇനിയും അങ്ങനെതന്നെ തുടരാനാണ് ഉദ്ദേശിക്കുന്നത്. അവർ ആവശ്യപ്പെട്ട സൗകര്യങ്ങളെല്ലാം ചെയ്തു കൊടുത്തിട്ടുണ്ട്.

ശ്രീ. കെ. ആർ. ചന്ദ്രമോഹനൻ : എം. ഡി. വൽസമ്മക്ക് നൽകിയ പാരിതോഷികം അവർ നിരസിച്ചതായി വാർത്തകളും വന്നു. പാരിതോഷികങ്ങൾ നിർണ്ണയിക്കുന്ന കാര്യത്തിൽ ഗവൺമെൻറ് ഒരു മാനദണ്ഡം സ്വീകരിക്കാൻ തയ്യാറാകുമോ ?

ശ്രീ. കെ. പി. നൂറുദ്ദീൻ : മാനദണ്ഡം അനുസരിച്ചാണ് പാരിതോഷികം നൽകുന്നത്.

ശ്രീ. ബെന്നിബെഹനാൻ : സിന്തറിക് ട്രാക്ക് നിർമ്മിക്കുന്നതിന് എന്തെങ്കിലും സാങ്കേതികമായ വിജ്ഞാനം ആവശ്യമാണോ ; അങ്ങനെ സാങ്കേതികമായി വിജ്ഞാനമുള്ള ആളുകളും നമ്മുടെ സംസ്ഥാനത്തുണ്ടോ ?

ശ്രീ. കെ. പി. നൂറുദ്ദീൻ : നിർമ്മിക്കുന്ന അവസരത്തിൽ അതിൻെറ സാങ്കേതിക പ്രശ്നംകൂടി പരിഗണിക്കുന്നതാണ്.

ശ്രീ. എ. സി. ഷൺമുഖദാസ് : ഇൻഡ്യയിലെ മറേറതു സംസ്ഥാനത്തെക്കാളും നമ്മുടെ അത്ലറിക്സ് ഫീൽഡ് മെച്ചപ്പെട്ടുവരികയാണ്. സിന്തറിക് ട്രാക്കിന് ഒരു കോടി രൂപ കേന്ദ്ര ഗവൺമെൻറിൻെറ സഹായമുണ്ടെന്ന് പറഞ്ഞു. പതിനാറു ലക്ഷം രൂപ കോഴിക്കോട് ഇൻഡോർ സ്റേറഡിയത്തിന് കൊടുക്കുവാൻ ബാക്കിയാണ്. ഇവിടെ സംസ്ഥാന ബഡ്ജറ് ഓരോ കൊല്ലവും പിന്നോട്ട് പോവുകയാണ്. അത്ലറിക്സിൽ നമ്മുടെ സംഭാവന വലുതാണെന്നുള്ളത് കണക്കിലെടുത്തുകൊണ്ട് അതിൻെറ പൂർണ്ണമായ സാമ്പത്തിക ബാദ്ധ്യത കേന്ദ്ര ഗവൺമെൻറ് വഹിക്കണമെന്നുള്ള നിലപാട് സ്വീകരിക്കുവാൻ തയ്യാറാകുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. പി. നൂറുദ്ദീൻ : കഴിഞ്ഞ മൽസരങ്ങളിലെല്ലാം അഭിമാനകരമായ നേട്ടങ്ങൾ കൈവരിക്കുവാൻ കേരളത്തിന് കഴിഞ്ഞതുകൊണ്ടുതന്നെയാണ് 27 കോടിയിൽപ്പരം രൂപയുടെ ഒരു പ്രൊപ്പോസൽ ഇൻഡ്യാഗവൺമെന്റിന്റെ മുമ്പാകെ സമർപ്പിച്ചിട്ടുള്ളത്.

ശ്രീ. എ. സി. ഷൺമുഖദാസ് : അത് ലറ്റിക്സിന്റെ കാര്യത്തിൽ കേന്ദ്ര ഗവൺമെന്റ് അവരുടെ സ്പെഷ്യലൈസ്ഡ് സ്ഥലമായി സ്റ്റേറ്റിനെ എടുത്തുകൊണ്ട് മുഴുവൻ ചെലവും വഹിക്കുവാൻ അവരെ പ്രേരിപ്പിക്കുമോയെന്നാണ്, അല്ലാതെ പ്രൊപ്പോസലിനെക്കുറിച്ചല്ല ചോദിച്ചത്.

ശ്രീ. കെ. പി. നൂറുദ്ദീൻ : സ്പോർട്സിന്റെ വികസനത്തിനുള്ള കാര്യങ്ങളാണ് ഞാൻ പറഞ്ഞത്. കേന്ദ്രഗവൺമെന്റ് ഏറ്റെടുക്കുകയെന്നു പറഞ്ഞാൽ, പി. ടി. ഉഷയെ ദേശീയസമ്പത്താക്കി മാറ്റണമെന്ന് പറഞ്ഞുകൊണ്ട് കേരള ഗവൺമെന്റ് സമീപിച്ചിട്ടുണ്ട്.

ശ്രീ. എ. ജോർജ് : സിന്തറ്റിക് ട്രാക്ക് നിർമ്മിക്കുന്നതിന് കേന്ദ്ര ഗവൺമെന്റിന്റെ സഹായത്തിന് ഒരു പരിമിതിയുള്ളതുകൊണ്ട് ഏതെങ്കിലും സാമ്പത്തിക ഏജൻസിയുടെ സഹായം ആവശ്യപ്പെടുന്നതിന് ഗവൺമെന്റ് എന്തെങ്കിലും നടപടിയെടുത്തിട്ടുണ്ടോ ?

ശ്രീ. കെ. പി. നൂറുദ്ദീൻ : ഇപ്പോൾ അതിനെക്കുറിച്ച് ആലോചിച്ചിട്ടില്ല.

സ്വയം തൊഴിൽ കണ്ടെത്താൻ നൽകുന്ന വായ്പ

* 156. [159] ശ്രീ. എം. എം. ഹസ്സൻ :
,, ഉമ്മൻ ചാണ്ടി :
,, ജി. കാർത്തികേയൻ :
,, കെ. കെ. രാമചന്ദ്രൻ മാസ്റ്റർ :
,, ബെന്നി ബെഹനാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്വയം തൊഴിൽ കണ്ടെത്താൻ തൊഴിൽ രഹിതരായ ചെറുപ്പക്കാർക്ക് വായ്പ നൽകുന്ന സ്കീമിൽ 1986-87-ൽ എത്ര പേർക്ക് ലോൺ കൊടുക്കാനാണ് ഉദ്ദേശിക്കുന്നത് ;

(ബി) വായ്പയുടെ പരിധി 25,000 രൂപയിൽ നിന്ന് വർദ്ധിപ്പിക്കുവാൻ കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെടുമോ ?

വ്യവസായ വകുപ്പുമന്ത്രി (ശ്രീ. ഇ. അഹമ്മദ്) :

(എ) 1986-87-ൽ സംസ്ഥാനത്ത് ഒട്ടാകെ 13000 പേർക്ക് ലോൺ കൊടുക്കുവാനാണ് ഉദ്ദേശിക്കുന്നത്.

(ബി) 1986-87 സാമ്പത്തികവർഷം മുതൽ വ്യവസായ സംരംഭങ്ങൾക്കുള്ള വായ്പയുടെ പരിധി 35,000 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്.

ശ്രീ. ഉമ്മൻ ചാണ്ടി : ഈ വർഷത്തെ ലോണിനുള്ള അപേക്ഷകൾ ക്ഷണിച്ചു തുടങ്ങിയോ ; അങ്ങനെ അപേക്ഷ ക്ഷണിക്കുന്ന കൂട്ടത്തിൽ കഴിഞ്ഞവർഷമുണ്ടായ കാലതാമസം ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

ശ്രീ. ഇ. അഹമ്മദ് : ഓരോ വർഷത്തേക്ക് എന്നു പറഞ്ഞിട്ടല്ല അപേക്ഷകൾ ക്ഷണിക്കുന്നത്. ഓരോ വർഷവും കിട്ടുന്ന അപേക്ഷകൾ വളരെയധിക

LIBRARY ARCHIVES Kerala Legislative Assembly